"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: ഡോ.വീണ എൻ മാധവൻ ഐഎഎസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-എസിഡി ഇൻസ്ട്രക്ടർമാർ എംപ്ലോയബിലിറ്റിസ്കിൽ വിഷയം കൂടി പഠിപ്പിക്കുന്നതിന് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. MSDE(DGT)-19/03(01)/2022-CD നമ്പർ ആയുള്ള 05.04.2022 ലെ കത്ത്
2. സ.ഉ(കൈ)നം 21/2023/LBR തീയതി 04.07.2023
3. സ.ഉ(സാധാ)നം 1295/2023/LBR തീയതി 21.10.2023

**ഉത്തരവ് നമ്പർ: DT/2064/2022-A2 തീയതി: 07-11-2023**

ഡയറക്ടർ ഓഫ് ട്രെയിനിംഗ്-ന്റെ പരാമർശം(1) ഉത്തരവ് പ്രകാരം ഐടിഐ ട്രെയിനിംഗ് കരിക്കുലത്തിലുള്ള വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ് ,എഞ്ചിനീയറിംഗ് ഡ്രോയിംഗ്,എംപ്ലോയബിലിറ്റി സ്കിൽ എന്നീ വിഷയങ്ങൾക്കാവശ്യമായ സമയ ദൈർഘ്യം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി ഒരു ട്രെയിനിംഗ് കലണ്ടർ വർഷത്തിൽ വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസിന് പരമാവധി 40 മണിക്കൂറും എഞ്ചിനീയറിംഗ് ഡ്രോയിംഗിന് പരമാവധി 40 മണിക്കൂറും ആയി കുറച്ചിട്ടുണ്ട്.എന്നാൽ എംപ്ലോയബിലിറ്റി സ്കില്ലിന് ഒന്നാം വർഷം 120 മണിക്കൂറും രണ്ടാം വർഷം 60 മണിക്കൂറും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.കൂടാതെ വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ് , എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്നീ വിഷയങ്ങൾക്ക് പ്രത്യേകം പരീക്ഷയ്ക്ക് പകരം ട്രേഡ് തിയറിയോടൊപ്പം 6 ചോദ്യങ്ങൾ വീതം ഉൾപെടുത്തിയാണ് അവ തിയറി പരീക്ഷയുടെ ഭാഗമാക്കിമാറ്റി. .എംപ്ലോയബിലിറ്റി സ്കിൽ വിഷയത്തിന്റെ പരിഷ്കരിച്ച സിലബസ് പ്രകാരം ഇൻസ്ട്രക്ടർമാരുടെ യോഗ്യതയിൽ എംപ്ലോയബിലിറ്റി സ്കിൽ-ന്റെ ഷോർട്ട് ടേം കോഴ്സ് പഠിച്ച ഡിപ്ലോമ യോഗ്യതയുള്ളവരെയും DGT ഉൾപ്പെടുത്തിയിട്ടുണ്ട്..

സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി വകുപ്പിലെ എസിഡി ഇൻസ്ട്രക്ടർമാരുടെ ജോലിഭാരത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്.പ്രസ്തുത സാഹചര്യത്തിലും,ട്രെയിനികളുടെ ഭാവി മുന്നിൽ കണ്ടുകൊണ്ടും എംപ്ലോയബിലിറ്റി സ്കിൽ പഠനത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ടെന്ന വസ്തുത പരിഗണിച്ചും എസിഡി ഇൻസ്ട്രക്ടർമാരുടെ സേവനം അവരുടെ യോഗ്യതകൾക്ക് അനുയോജ്യമായ അനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താം എന്ന ഡിജിടിയുടെ നിർദേശം പരിഗണിച്ചും, നിർദിഷ്ട യോഗ്യതയുള്ള എസിഡി ഇൻസ്ട്രക്ടർമാർക്ക് എംപ്ലോയബിലിറ്റി സ്കിൽ വിഷയം കൂടി പഠിപ്പിക്കുന്നതിനുള്ള പരിശീലനത്തിനുള്ള അനുമതി നൽകി കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം നിർദിഷ്ട യോഗ്യതയുള്ള 150 ഓളം എസിഡി ഇൻസ്ട്രക്ടർമാർക്ക് സംസ്ഥാനത്ത് വച്ച് NSTI മുഖാന്തിരം ഒന്നാം ഘട്ട പരിശീലനം നൽകിയിരുന്നു.ഇതിന്റെ രണ്ടാം ഘട്ടമായി CSTRAI,കൊൽക്കത്തയിൽ വച്ച് 30.10.2023 മുതൽ 24.11.2023 വരെ 5 ദിവസം വീതം നീണ്ടു നിൽക്കുന്ന ToT Employablity(ToTES) എന്ന വിഷയത്തിൽ Advanced Level in Campus പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി വകുപ്പിലെ എസിഡി ഇൻസ്ട്രക്ടർമാരുടെ ജോലിഭാരത്തിൽ കാര്യമായ കുറവ് വന്നിട്ടുള്ള സാഹചര്യത്തിലും,ട്രെയിനികളുടെ ഭാവി മുന്നിൽ കണ്ടുകൊണ്ടും എസിഡി ഇൻസ്ട്രക്ടർമാരുടെ സേവനം അവരുടെ യോഗ്യതകൾക്ക് അനുയോജ്യമായ അനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താം എന്ന ഡിജിടിയുടെ നിർദേശം പരിഗണിച്ചും എംപ്ലോയബിലിറ്റി സ്കിൽ വിഷയത്തിൽ ട്രെയിനിംഗ് നൽകുന്നതിന് ഡിജിറ്റി അനുശാസിക്കുന്ന ട്രെയിനിംഗ് എസിഡി ഇൻസ്ട്രക്ടർമാർക്ക് നൽകിയിട്ടുള്ളതിനാലും വകുപ്പിലെ എസിഡി ഇൻസ്ട്രക്ടർമാരെ എംപ്ലോയബിലിറ്റി സ്കിൽ വിഷയം കൂടി പഠിപ്പിക്കുന്നതിന് നിയോഗിച്ച് ഉത്തരവാകുന്നു.

അതാത് സ്ഥാപനമേധാവികൾ വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ് ,എഞ്ചിനീയറിംഗ് ഡ്രോയിംഗ്,എംപ്ലോയബിലിറ്റി സ്കിൽ,ട്രേഡ് തിയറി എന്നീ വിഷയങ്ങളുടെ ട്രെയിനിംഗിനായി പുതിയ സമയക്രമം തയ്യാർ ചെയ്യേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ നടത്തി പാഠ്യഭാഗങ്ങൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടികൾ സ്വികരിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്;-
വകുപ്പിലെ എല്ലാ എസിഡി ഇൻസ്ട്രക്ടർമാർക്കും
(സ്ഥാപനമേധാവി മുഖാന്തിരം)
പകർപ്പ്;-
1.എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും
2. ഡിറ്റി,എഡിറ്റി,ജെഡിറ്റി-സിഎമാർ മുഖാന്തിരം
3.വകുപ്പ് വെബ്സൈറ്റ്,എസ്.എസ്(എ) ,കരുതൽ ഫയൽ(എ2)

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**